**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5031** **04-07-2024 - ല്‍ മറുപടിയ്ക്ക്**

**ഫാം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാര്‍ഷിക മേഖലയെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെടുത്തുന്ന ഫാം ടൂറിസം പദ്ധതിയുടെ പുരോഗതി വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) | ഫാം ടൂറിസം പ്രവര്‍ത്തനങ്ങളെ കൂടുതല്‍ ജനകീയമാക്കുന്നതിനും, പ്രസ്തുത പ്രവര്‍ത്തനങ്ങളിലേക്ക് കൂടുതല്‍ ആളുകളെ പങ്കാളികളാക്കുന്നതിനുമായിട്ടാണ് കേരള റെസ്പോണ്‍സിബിള്‍ ടൂറിസം മിഷന്‍ സൊസൈറ്റി ‘കേരള അഗ്രി ടൂറിസം നെറ്റ് വര്‍ക്ക്’ എന്ന പദ്ധതി ആരംഭിച്ചത്.<br><br>പദ്ധതിയുടെ ഭാഗമാകുവാന്‍ താല്‍പ്പര്യമുള്ളവരില്‍ നിന്നും അപേക്ഷകള്‍ സ്വീകരിക്കുകയും 952 പേര്‍ 2 ഘട്ടങ്ങളിലായി പരിശീലനം പൂര്‍ത്തിയാക്കുകയും ചെയ്തു. 452 യൂണിറ്റുകള്‍ മികച്ച രീതിയില്‍ പ്രവര്‍ത്തിച്ചു വരുന്നു. 103 യൂണിറ്റുകള്‍ കേരള റെസ്പോണ്‍സിബിള്‍ ടൂറിസം മിഷന്‍ സൊസൈറ്റിയുടെ വെബ്സൈറ്റില്‍ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.<br><br>കേരള റെസ്പോണ്‍സിബിള്‍ ടൂറിസം മിഷന്‍ സൊസൈറ്റിയുടെ ഭാഗമായി കേരള അഗ്രി ടൂറിസം നെറ്റ്‌വര്‍ക്കില്‍ രജിസ്റ്റര്‍ ചെയ്ത യൂണിറ്റുകളില്‍ കഴിഞ്ഞ സാമ്പത്തികവര്‍ഷം 16,86,000/- രൂപയുടെ വരുമാനം ലഭിച്ചതായി യൂണിറ്റുകള്‍ അറിയിച്ചിട്ടുണ്ട്. പുതുതായി അഗ്രി ടൂറിസം യൂണിറ്റ് ആരംഭിക്കുന്നതിനോ നിലവില്‍ പ്രവര്‍ത്തിച്ചു കൊണ്ടിരിക്കുന്നതിന്റെ വിപുലീകരണത്തിനോ ആയി ധനസഹായം നല്‍കുന്നതിനായി ഒരു പദ്ധതി പ്രൊപ്പോസല്‍ കെ ആര്‍ ടി എം സൊസൈറ്റി തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ആരോഗ്യ ശുചിത്വ സംരക്ഷണത്തില്‍ വിനോദസഞ്ചാര മേഖലയെ മികച്ച നിലവാരത്തില്‍ നിലനിര്‍ത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളെ ശുചിത്വമുള്ളതും ആരോഗ്യകരവുമായി നിലനിര്‍ത്തിക്കൊണ്ട് അവയുടെ നിലവാരം ഉയര്‍ത്തിക്കൊണ്ടു വരുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധങ്ങളായ പദ്ധതികള്‍ നടപ്പിലാക്കി വരുന്നു.<br><br>**ക്ലീന്‍ ഡെസ്റ്റിനേഷന്‍ ക്യാമ്പയിന്‍.** |

വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനും, ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനുമായി കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ". 14 ജില്ലകളിലായി നടപ്പിലാക്കി വരുന്ന ടി പദ്ധതിയിൽ 645 കുടുംബശ്രീ ജീവനക്കാർ 117 ഡെസ്റ്റിനേഷനുകളിലായി പ്രവർത്തിച്ചു വരുന്നു. ഇതിനായി വകുപ്പിൽ നിന്നും തുകയും അനുവദിച്ചു വരുന്നുണ്ട്.

**<u>കോവളം ഡെസ്റ്റിനേഷനിലെ മാലിന്യ സംസ്കരണം</u>**

കോവളം ടൂറിസം കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു .

**<u>ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം</u>**

ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, മാട്ടുപ്പെട്ടി, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, രാമക്കൽ മേട് , (ആമപ്പാറ), രാമക്കൽ മേട് പാർക്ക്, പരുന്തുംപാറ, പാഞ്ചാലി മേട്, വളഞ്ഞങ്ങാനം, ഇടുക്കി പാർക്ക്, ഹിൽവ്യൂ പാർക്ക് - ഇടുക്കി, വാഗമൺ (മൊട്ടക്കുന്ന്), വാഗമൺ(അഡ്വഞ്ചർ പാർക്ക്), തൊമ്മൻ കുത്ത്, അരുവിക്കുഴി എന്നീ ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം നടത്തുന്നതിനായി "സേവ് ഗ്രീൻ സേവ് ടൂറിസം" എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

**<u>വേൾഡ് ക്ലാസ്സ് ടോയ്‌ലറ്റ്</u>**

കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വേൾഡ് ക്ലാസ്സ് ടോയ്‌ലറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ് ബീച്ച്, വർക്കല എന്നീ സ്ഥലങ്ങളിലുള്ള പദ്ധതികൾ പൂർത്തീകരിച്ച ഘട്ടത്തിലാണ്. കൊല്ലം ജില്ലയിലെ പ്രവൃത്തികൾ നടന്നു വരുന്നു.

വിനോദസഞ്ചാര മേഖലയിൽ സർക്കാർ മുതൽമുടക്കിൽ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ

| | | | |
|---|---|---|---|
| | | | പദ്ധതികളുടെ ഭാഗമായി കോവളം ടൂറിസം കേന്ദ്രം വികസനത്തിന് കിഫ്ബി വഴി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വർക്കല, മൂന്നാർ, മലമ്പുഴ എന്നിവടങ്ങളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ